"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- "ഡീറ്റെയിൽഡ് ടൗൺ പ്ലാനിങ് സ്കീം ഫോർ കണ്ണംകര ഏരിയ, പത്തനംതിട്ട" എന്ന വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 46(5) പ്രകാരം അന്തിമ അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.6/2026/LSGD തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:-

1. GO.(MS).No.109/2022/LSGD, തീയതി 21-05-2022.
2. പത്തനംതിട്ട നഗരസഭാ കൗൺസിലിന്റെ 25/05/2022-ലെ തീരുമാനം നം.1
3. 10/08/2022-ലെ കേരള ഗസറ്റ് വിജ്ഞാപനം നം.2639, വാല്യം.11
4. 02/11/2024-ലെ കേരള ഗസറ്റ് വിജ്ഞാപനം നം.3495, വാല്യം.13
5. പത്തനംതിട്ട നഗരസഭാ കൗൺസിലിന്റെ 25/04/2025-ലെ തീരുമാനം നം.1
6. പത്തനംതിട്ട നഗരസഭ സെക്രട്ടറിയുടെ 24/05/2025 തീയതിയിലെ E2-9592/2018 നമ്പർ കത്ത്.
7. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)-ടെ 18/06/2025, 5/11/2025 തീയതികളിലെ LSGD/PD/737/2025-TCPB4 നമ്പർ കത്ത്

**ഉത്തരവ്**

അംഗീകൃത 'ഡീറ്റെയിൽഡ് ടൗൺ പ്ലാനിങ് സ്കീം ഫോർ കണ്ണംകര ഏരിയ, പത്തനംതിട്ട' എന്ന വിശദ നഗരാസൂത്രണ പദ്ധതി പരിഷ്കരിക്കുന്നതിന് പരാമർശം-1 പ്രകാരം അനുമതി നൽകിയിരുന്നു. അപ്രകാരം, നിലവിലെ വികസിത സാഹചര്യങ്ങൾക്ക് അനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത വിശദ നഗരാസൂത്രണ പദ്ധതിയുടെ കരട് പരിഷ്കരിക്കുന്നതിന് പരാമർശം 2 പ്രകാരം പത്തനംതിട്ട നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും ആയതിലേയ്ക്ക് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ 32-ാം വകുപ്പ് പ്രകാരം രൂപികരിച്ച സ്പെഷ്യൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുമുണ്ടായി.

**2.** നിലവിലെ വികസിത സാഹചര്യങ്ങൾക്കനുസൃതമായി മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിന്, 2016- ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 46(1) ന് അനുസൃതമായി, സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം പ്രസ്തുത പദ്ധതിയിൽ പരിഷ്കരണം വരുത്തുന്നതിനായുള്ള ഉദ്ദേശ്യം 2021-ലെ കേരള നഗരഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി

നൽകലും) ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം ഫാറം-1-ൽ പരാമർശം 3 പ്രകാരം ഓദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും വർത്തമാന പത്രത്തിലും നഗരസഭാ വെബ്സൈറ്റിലും, നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുകയുമുണ്ടായി.

3. നിലവിലുള്ള വികസനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ സ്കീം മാപ്പിലും സ്കീം റൂളിലും മാറ്റം വരുത്തി തയ്യാറാക്കിയ കരട് വ്യതിയാനത്തിന്മേൽ പൊതുജനങ്ങളിൽ നിന്നും ആക്ഷേപ/അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനായി നഗരസഭാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 46(2) പ്രകാരവും 2021-ലെ കേരള നഗരഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 8(2) പ്രകാരവും കരട് വ്യതിയാനം പ്രസിദ്ധീകരിച്ച വിവരം ഫാറം VII മുഖേന പരാമർശം 4 പ്രകാരം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും വർത്തമാന പത്രങ്ങളിലും നഗരസഭാ വെബ്സൈറ്റിലും, നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

4. ഔദ്യോഗിക ഗസറ്റിൽ ഫാറം VII പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ അറുപതു ദിവസത്തേക്ക് പൊതുജനങ്ങളിൽ നിന്നും ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുകയും, രേഖാമൂലം ആവശ്യപ്പെട്ടവരെ സ്പെഷ്യൽ കമ്മിറ്റി നേരിൽ കേൾക്കുകയും, സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം പരിഷ്കരിച്ച കരട് വിശദ നഗരാസൂത്രണ പദ്ധതി പരാമർശം 5 പ്രകാരം മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ച് ഉചിത മാർഗേന പരാമർശം 6 പ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

5. 'ഡീറ്റെയിൽഡ് ടൗൺ പ്ലാനിങ് സ്കീം ഫോർ കണ്ണംകര ഏരിയ, പത്തനംതിട്ട' എന്ന വിശദ നഗരാസൂത്രണ പദ്ധതി അന്തിമ അനുമതിക്കായി സമർപ്പിക്കേണ്ട സമയപരിധി അധികരിച്ചത്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ 48-ാം വകുപ്പ് പ്രകാരം സാധൂകരിച്ച് നൽകുന്നതിനും, "'ഡീറ്റെയിൽഡ് ടൗൺ പ്ലാനിങ് സ്കീം ഫോർ കണ്ണംകര ഏരിയ, പത്തനംതിട്ട' എന്ന വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ 46(5) പ്രകാരം അന്തിമ അനുമതി നൽകുന്നതിനും ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) പരാമർശം 7 പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

I) "ഡീറ്റെയിൽഡ് ടൗൺ പ്ലാനിങ് സ്കീം ഫോർ കണ്ണംകര ഏരിയ, പത്തനംതിട്ട" എന്ന വിശദ നഗരാസൂത്രണ പദ്ധതിയ്ക്ക് 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 46(5) പ്രകാരം അന്തിമ

അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

II) മേൽ വിശദ നഗരാസൂത്രണ പദ്ധതിയുടെ അന്തിമ അനുമതിക്കായി സമർപ്പിക്കേണ്ട സമയപരിധി അധികരിച്ചത്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ 48-ാാം വകുപ്പ് പ്രകാരം സാധൂകരിച്ച് നൽകുന്നു.

III) 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 46(6), 2021 ലെ കേരള നഗരഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 11 എന്നിവ പ്രകാരം ആവശ്യമായ തുടർനടപടികൾ പത്തനംതിട്ട നഗരസഭ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് ), തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, പത്തനംതിട്ട.
സെക്രട്ടറി, പത്തനംതിട്ട നഗരസഭ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 06-01-2026 14:44:20